(ഡി) എക്സൈസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിക്കുകയും, 6 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ തസ്തികകൾ ജോയിന്റ് എക്സൈസ് കമ്മീഷണർമാരായി ഉയർത്തുകയും ചെയ്തു. 2006 മുതൽ വാങ്ങിയ 150 ജീപ്പുകൾ കൂടാതെ 28 ആധുനിക മോഡൽ വാഹനങ്ങൾ കൂടി വാങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ മുഴുവൻ റെയിഞ്ച് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും, കമ്പ്യൂട്ടർ സൗകര്യമുള്ള എല്ലാ ഓഫീസുകളിലും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 110 ആധുനിക പിസ്റ്റളുകളും വകുപ്പിലേക്കായി വാങ്ങിയിട്ടുണ്ട്. കൂടാതെ, ഡെപ്യൂട്ടി കമ്മീഷണർ മുതലുള്ള ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക ആവശ്യത്തിനായി മൊബൈൽ ഫോൺ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മദ്യത്തിന്റെ സാമ്പിൾ പരിശോധന കുറ്റമറ്റതാക്കുന്നതിനായി 3 റീജണൽ ലാബുകളിൽ ആധുനിക അനലിറ്റിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 14 അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, മേജർ ചെക്ക് പോസ്റ്റുകളുടെ നിയന്ത്രണം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ അധീനതയിൽ ആക്കിയിട്ടുണ്ട്. സ്പിരിറ്റ് കടത്ത് തടയുന്നതിന്റെ ഭാഗമായി അമരവിള ചെക്പോസ്റ്റിൽ സ്നിഫർ ഡോഗ് സ്ക്വാഡിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**ആത്മ പദ്ധതിയുടെ പ്രവർത്തനം**

8(*128) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികമേഖലയിൽ നടപ്പാക്കിവരുന്ന 'ആത്മ' പദ്ധതിയുടെ പ്രവർത്തനം വിശദമാക്കുമോ ;

(ബി) ഈ പദ്ധതി നടപ്പാക്കിത്തുടങ്ങിയത് എന്നുമുതലാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതുവരെ പ്രതിവർഷം എന്തു തുക ഈ പദ്ധതി പ്രകാരം ചെലവഴിച്ചു എന്നും, അതിനായി കേന്ദ്രം എന്തു തുക അനുവദിച്ചു എന്നും വിശദമാക്കുമോ ;

(ഡി) 'ആത്മ' പദ്ധതി മുഖേന കാർഷിക മേഖലയ്ക്കുണ്ടായ നേട്ടം വിശദീകരിക്കുമോ ;

(ഇ) സ്കൂൾ, കോളജ് വിദ്യാർത്ഥികളിൽ കാർഷികാഭിമുഖ്യം വളർത്തുന്നതിനുള്ള പരിപാടികളെന്തെങ്കിലും 'ആത്മ' മുഖേന നടപ്പാക്കുന്നുണ്ടോ : ഇല്ലെങ്കിൽ സിലബസ്സിൽ ഉൾപ്പെടുത്തി മാസത്തിൽ മൂന്ന് മണിക്കൂറെങ്കിലും, കാർഷിക പഠനത്തിന് വിനിയോഗിക്കത്തക്കവിധമുള്ള ഒരു പരിപാടി തയ്യാറാക്കി നടപ്പാക്കാൻ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) കാർഷിക മേഖലയിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി പദ്ധതി ചെലവിന്റെ 90% കേന്ദ്ര സർക്കാർ വഹിക്കുന്ന വിധം ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് 'ആത്മ' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന അഗ്രികൾച്ചർ ടെക്നോളജി ആന്റ് മാനേജ്മെന്റ് ഏജൻസി. സപ്പോർട്ട് ടു സ്റ്റേറ്റ് എക്സ്റ്റൻഷൻ റിഫോംസ് (Support to State Extension Programme for Extension Reforms) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കേന്ദ്ര സർക്കാർ ഇത് നടപ്പിലാക്കുന്നത്. കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനും കാർഷിക മേഖലയുടെ പുരോഗതിക്കും ഉതകുന്ന വിധം കാർഷിക മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാ വകുപ്പുകളുടെയും കാർഷിക സർവ്വകലാശാലകളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും ഈ മേഖലയിൽ നടക്കുന്ന ശാസ്ത്ര പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളുടെയും ഏകോപനവും അവയുമായി ബന്ധപ്പെട്ട വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുമാണ് 'ആത്മ'-യിലൂടെ ലക്ഷ്യമിടുന്നത്. കർഷകർക്കായി പരിശീലന പരിപാടികൾ, പ്രദർശനത്തോട്ടങ്ങൾ, കാർഷികാനുബന്ധ മേഖലയിലെ പ്രദർശന യൂണിറ്റുകൾ, പഠനയാത്രകൾ, കർഷക ഉല്പാദക/ഉല്പന്ന ഗ്രൂപ്പുകളുടെ രൂപീകരണം, ശാക്തീകരണം, കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കുമുള്ള അവാർഡുകൾ, മറ്റു പ്രോത്സാഹന സമ്മാനങ്ങൾ, ജില്ലാതല പ്രദർശന മേളകൾ, ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിച്ചുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, കർഷകരും, ശാസ്ത്രജ്ഞരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചേർന്നുള്ള ശില്പ ശാലകൾ (interface), ബ്ലോക്ക് തലത്തിൽ ഫാം ഇൻഫർമേഷൻ അഡ്വൈസറി സെന്ററുകളുടെ രൂപീകരണം, മികച്ച കർഷകരുടെ കൃഷിയിടങ്ങളിൽ ഫാം സ്കൂൾ നടപ്പിലാക്കൽ എന്നിവയ്ക്കായി കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി സാമ്പത്തിക സഹായം നൽകി വരുന്നു.

(ബി) 2005-06 വർഷം മുതലാണ് പദ്ധതി നടപ്പാക്കിത്തുടങ്ങിയത്.

(സി) 31-1-2011 വരെ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിച്ച തുകയുടെയും, വിനിയോഗിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു:

| വർഷം | കേന്ദ്ര വിഹിതം (രൂപ ലക്ഷം) | സംസ്ഥാന വിഹിതം (രൂപ ലക്ഷം) | ചെലവഴിച്ച തുക (രൂപ ലക്ഷം) |
|---|---|---|---|
| 2005-06 | 80.00 | ... | 0.4689 |
| 2006-07 | 117.00 | ... | 6.47 |
| 2007-08 | 125.00 | 22.11 | 35.535 |
| 2008-09 | 470.00 | 110.44 | 325.63 |
| 2009-10 | 243.27 | 50.00 | 854.58 |
| 2010-11 | 610.00 | 50.00 | 301.93 (31-1-2011 വരെ ചെലവഴിച്ചത്) |

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാർഷിക മേഖലയിൽ വിജ്ഞാന വ്യാപന രംഗത്ത് ഒരു പുത്തനുണർവ്വുണ്ടാകാൻ 'ആത്മ' പദ്ധതികൾ നടപ്പിലാക്കിയതിലൂടെ സാധിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധങ്ങളായ പദ്ധതികൾ വിജയിപ്പിക്കുന്നതിനാവശ്യമായ കർഷക അനുബന്ധ മേഖലകളിലെ പരിശീലനങ്ങൾ. പ്രദർശനത്തോട്ടങ്ങൾ. പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നതിനും കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനുമുള്ള അനുപൂരണ സമ്പ്രദായമായി 'ആത്മ' പദ്ധതികൾ മാറിക്കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് കൃഷിയിൽ ആഭിമുഖ്യം വളർത്തുന്നതിനും കാർഷിക വൃത്തി പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക ഗ്രൂപ്പുകൾക്കും കൃഷിക്കാർക്കും ബ്ലോക്ക് തലത്തിൽ വരെ അവാർഡുകൾ ഏർപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. പ്രാദേശികമായ കാർഷിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാ തലത്തിൽ കർഷകരും. ശാസ്ത്രജ്ഞരും, ഉദ്യോഗസ്ഥരും ചേർന്നുള്ള ശില്പശാലകൾ നടപ്പിലാക്കാൻ സാധിച്ചു. മികച്ച കർഷകരുടെ കൃഷിയിടങ്ങളിൽ കർഷകരുടെ നേതൃത്വത്തിൽ തന്നെ നടപ്പിലാക്കി വരുന്ന ഫാം സ്കൂളുകളും 'ആത്മ' പദ്ധതിയുടെ നേട്ടങ്ങളാണ്. കാർഷിക വാർത്തകളും അറിവുകളും പ്രക്ഷേപണം ചെയ്യുന്നതിനായി വയനാട് ജില്ലയിലെ മാനന്തവാടിയിൽ ഒരു കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ കുട്ടനാട് മേഖലയിൽ ഒരു റേഡിയോ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗപ്പെടുത്തിയുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടന്നു വരുന്നു.

(ഇ) ഇപ്പോൾ നടപ്പിലാക്കുന്നില്ല. 'ആത്മ' മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താത്ത പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്.

**സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട്**

9(*129) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ് : റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ :

(സി) ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള കുറഞ്ഞതും കൂടിയതുമായ വർദ്ധനവ് എത്രയാണ് ;

(ഡി) സഹകരണ സംഘങ്ങളുടെ വികസനത്തിനായി കമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ശിപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ :

(ഇ) കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള ആനുകൂല്യങ്ങൾ എല്ലാ സഹകരണ സംഘം ജീവനക്കാർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly